**കേരള സർക്കാർ**

**സംഗ്രഹം.**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ താലൂക്ക് കടമ്പൂർ വില്ലേജിലെ വിയ്യത്തുൽ ഇസ്ലാം മദ്രസയുടെ 1.54 ഏക്കർ സ്ഥലത്ത് ശവം മറവ് ചെയ്യുന്നതിനായി 15-9-2014 - ൽ വിയ്യത്തുൽ ഇസ്ലാം മദ്രസ സെക്രട്ടറി സർക്കാരിനു സമർപ്പിച്ച അപ്പീൽ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം.2819/16/തസ്വഭവ തിരുവനന്തപുരം, തീയതി : 30.09.2016**

പരാമർശം - 1. 19/8/2014 -ലെ കണ്ണൂർ ജില്ലാ കളക്ടറുടെ ഡി2-55499/07 നമ്പർ നടപടിക്രമം.

2. 15/9/2014 -ൽ വിയ്യത്തുൽ ഇസ്ലാം മദ്രസ സെക്രട്ടറി സർക്കാരിനു സമർപ്പിച്ച അപ്പീൽ.

3. WP(C) 15283/15 - ന്മേലുള്ള 25/8/2015 - ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി.

<u>ഉത്തരവ്</u>

കണ്ണൂർ താലൂക്ക് കടമ്പൂർ വില്ലേജിലെ റി.സ. 71/1, 71/2 നമ്പറുകളിൽപ്പെട്ട ആഡൂർ വിയ്യത്തുൽ ഇസ്ലാം മദ്രസയുടെ 1.54 ഏക്കർ സ്ഥലത്ത് ശവം മറവു ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(C) നം. 34478/07 (D) പെറ്റീഷനിലെ 7/1/2014 -ലെ ജഡ്ജ്മെന്റ് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച പ്രോസീഡിംഗിസിനെതിരെ 1988 -ലെ കേരള പഞ്ചായത്തീരാജ് ശവം മറവു ചെയ്യലും ദഹിപ്പിക്കലും റൂളിലെ റൂൾ 6 (10) പ്രകാരം വിയ്യത്തുൽ ഇസ്ലാം ദർസ് മദ്രസ & മുസ്ലിം ജമാഅത്ത് മോസ്ക് കമ്മറ്റി സെക്രട്ടറി പരമാർശം (2) പ്രകാരം സർക്കാരിന് അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീലിൽ തീരുമാനം എടുക്കുന്നതിനായി മേൽ പള്ളി കമ്മറ്റി സെക്രട്ടറി പരമാർശം (3) പ്രകാരം ബഹു. ഹൈക്കോടതിയിൽ WP(C) 15283/15 (1) ഫയൽ ചെയ്യുകയും ടി WP -ൽ സർക്കാരിന് സമർപ്പിച്ച അപ്പീൽ പെറ്റീഷനിൽ ബന്ധപ്പെട്ടവരെ നേരിൽ കേട്ട ശേഷം തീർപ്പുകൽപ്പിക്കുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. ഇതു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ ജോയിന്റ് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ, പള്ളികമ്മറ്റിയുടെ പ്രതിനിധികൾ, കണ്ണൂർ കളക്ടറുടെ

പ്രതിനിധി, കടമ്പൂർ ഗ്രാമപഞ്ചായത്തു സെക്രട്ടറി, ശ്രീമതി. ടി.കെ. ദീപ തുടങ്ങിയവർ ഹാജരായി. വിയ്യത്തൂൽ ഇസ്ലാം ദർസ് മദ്രസ & മുസ്ലിം ജമാഅത്ത് മോസ്ക് കമ്മറ്റി പ്രതിനിധികൾ, 1947-നു മുമ്പു തന്നെ പ്രസ്തുത സ്ഥലത്ത് ശവം മറവു ചെയ്യതിരുന്നുവെന്നും ഏകദേശം 215 ഓളം കുടുംബങ്ങൾ മോസ്കിൽ പ്രർത്ഥനയ്ക്കായും മറ്റു മത ചടങ്ങുകൾക്കായും ഉള്ളതായി അറിയിച്ചു. 1967 - ലെ കേരള പഞ്ചായത്തീരാജ് ശവം മറവു ചെയ്യലും ദഹിപ്പിക്കലും നിയമ പ്രകാരം മേൽ നിയമത്തിന് മുൻപ് നിലവിലുള്ള സെമിത്തേരികളെ രജിസ്ട്രേഷന് ലൈസൻസുമുള്ളതായി കണക്കാക്കുമെന്നും അറിയിച്ചു കൂടാതെ, പരാതിക്കാരി ശ്രീമതി. ടി.കെ. ദീപ 1987 -ൽ മാത്രമാണ് ടി സ്ഥലത്ത് വീട് നിർമ്മിച്ചതെന്നും വ്യക്തമാക്കി.

1967-ന് മുമ്പ് വിയ്യത്തൂൽ ഇസ്ലാം ദർസ് മദ്രസ കമ്മറ്റിയുടെ പേരിലുള്ള ശ്മശാനം നിർമ്മിക്കുവാൻ ഉദ്ദേശിച്ച ഭൂമി 1978-ൽ സ്വകാര്യ വ്യക്തിയിൽ നിന്നും വിലക്കെടുത്തതാണെന്നും ശ്മശാനഭൂമിയാക്കുന്നതിനുള്ള നിയമപരമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും ശ്രീമതി. ദീപ അറിയിച്ചു. പ്രസ്തുത ഭൂമിയുടെ 50 മീറ്ററിനുള്ളിൽ 15 വീടുകൾ ഉള്ളതായും ശ്മശാനം അനുവദിച്ചാൽ കിണറുകളിലെ വെള്ളം മലിനമാകുമെന്നും അറിയിച്ചു. കൂടാതെ, ഹൈക്കോടതി ഉത്തരവുകൾ പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ബന്ധപ്പെട്ടവരെ രണ്ടു പ്രാവശ്യം നേരിൽ കേട്ട ശേഷം ശ്മശാനം നിലവുലുണ്ടായിരുന്നുവെന്ന വാദം നിരസിച്ചതായും അറിയിച്ചു. ആയതിനാൽ പള്ളികമ്മിറ്റിയുടെ ആവശ്യം നിരസിക്കണമെന്ന് അപേക്ഷിച്ചു.

നിലവിൽ പള്ളി കമ്മറ്റിക്ക് ടി ഭൂമി ശ്മശാന ഭൂമിയായി ഉപയോഗിക്കുവാൻ ആവശ്യമായ യാതൊരു രേഖകളും ഇല്ലെന്നും പള്ളികമ്മറ്റിയുടെ പേരിൽ ടി സ്ഥലം രജിസ്റ്റർ ചെയ്യുന്നത് 1978-ൽ ആണെന്നും കളക്ടറുടെ പ്രതിനിധി അറിയിച്ചു. അന്നത്തെ വില്ലേജ് ഓഫീസർ ടി സ്ഥലം നേരിൽ സന്ദർശിക്കുകയും പള്ളികമ്മറ്റിയുടെ പേരിൽ സ്ഥലം വന്നു ചേർന്ന ശേഷം 2000 വരെ ആരുടെയും മൃതദേഹം മറവുചെയ്തിട്ടില്ല എന്നും 2001 മുതൽ ശവം മറവു ചെയ്യാൻ ശ്രമിക്കുമ്പോഴാണ് നാട്ടുകാർ പരാതി ഉന്നയിച്ചതെന്നും അറിയിച്ചു. ഇപ്പോൾ സ്ഥലം കൂടുതൽ ജനസാന്ദ്രതയുള്ളതാവുകയും, ശ്മശാന ഭൂമിയുള്ള സ്ഥലം കുന്നിന്റെ മുകളിൽ ആയതിനാൽ കുടിവെള്ളം മലിനപ്പെട്ടുമെന്നത് ജനങ്ങൾ പ്രധാന പ്രശ്നമായി കാണുന്നുവെന്നും അറിയിച്ചു 17-10-2007-ലെ ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം പ്രസ്തുത സ്ഥലത്ത് ശവം മറവുചെയ്യുന്നത് നിരോധിക്കുകയും കേരള പഞ്ചായത്തീ രാജ് (ശവം മറവു ചെയ്യലും

ദഹിപ്പിക്കലും) ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം പള്ളികമ്മറ്റി ശ്മശാനത്തിന് ലൈസൻസിനായി അപേക്ഷിച്ചാൽ ചട്ടപ്രകാരം ലൈസൻസ് നല്കുന്ന കാര്യം പരിശോധിക്കാമെന്ന് അറിയിക്കുകയും ചെയ്തു.

ഹീയറിംഗിൽ പങ്കെടുത്ത കടമ്പൂർ പഞ്ചായത്ത് സെക്രട്ടറി, ടി സ്ഥലത്തിന് 50 മീറ്റർ ചുറ്റളവിലായി ഒന്നിലധികം വീടുകൾ നിലവിലുള്ളതായി അറിയിച്ചു

ഹീയറിംഗിൽ പങ്കെടുത്തവരുടെ വാദമുഖങ്ങളുടെയും ഹാജരാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു പരാതിക്കാരനായ വീയത്തുൽ ഇസ്ലാം ദർസ് മദ്രസ & മുസ്ലിം ജമാ അത്ത് മോസ്ക് കമ്മറ്റി സെക്രട്ടറി ഹാജരാക്കിയ രേഖകളിൽ നിന്നും, സെമിത്തേരി എന്നു പറയുന്ന സ്ഥലത്ത് 1967 - ന് മുൻപ് തുടർച്ചയായി ശവം മറവുചെയ്യുന്നതിന് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ടി സ്ഥലത്ത് ഒന്നോ രണ്ടോ ശവം മറവുചെയ്തതിന് രേഖകളുള്ളതായി മാത്രമേ മനസിലാക്കുവാൻ കഴിയുന്നുള്ളു. കൂടാതെ, ഇക്കാര്യം രണ്ടു പ്രവാശ്യം കണ്ണൂർ ജില്ലാ കളക്ടർ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചുവെങ്കിലും ടി സ്ഥലം സെമിത്തേരിയായി ഉപയോഗിച്ചുവെന്നതിന് തെളിവുകൾ ഇല്ലാത്തതിനാൽ പരാതിക്കാരന്റെ ആവശ്യം നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറിയും ടി സ്ഥലത്ത് ശ്മശാനമുള്ളതായി രേഖകളൊന്നും ഉള്ളതായി പറഞ്ഞിട്ടില്ല. ശവം സ്ഥിരമായി മറവുചെയ്യുന്ന സെമിത്തേരി ആയിരുന്നുവെങ്കിൽ ടി സ്ഥലത്തിനു സമീപം വീടു വച്ചു താമസിക്കുന്നതിന് ജനങ്ങൾ വിമുഖത കാട്ടുമായിരുന്നു. 2001 -ൽ ശവം മറവു ചെയ്ത സംഭവത്തെ തുടർന്നാണ് ഇവിടെ ജനങ്ങളുടെ എതിർപ്പ് ശക്തമാകുന്നത്. 1987 മുതൽ ടി സ്ഥലത്ത് വീടു വച്ചു താമസിച്ചു വന്നിരുന്ന ശ്രീമതി ദീപ 2001 -ൽ ശവം മറവു ചെയ്തതിനെ തുടർന്നാണ് പരാതി നല്കിയിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ പരാതിക്കാരന്റെ ആവശ്യം നിരസിച്ചുകൊണ്ടും, പരാതിക്കാരൻ 1988 - ലെ കേരള പഞ്ചായത്തീരാജ് (ശവം മറവു ചെയ്യലും ദഹിപ്പിക്കലും) നിയമപ്രകാരം ശ്മശാനത്തിനായി പുതിയ അപേക്ഷ നല്കിയാൽ എല്ലാ നിയമവശങ്ങളും പിരശോധിച്ച് അർഹതാ മാനദണ്ഡപ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കികൊണ്ടും ഉത്തരവാകുന്നു.

അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 3 ലെ ഉത്തരവ് നടപ്പിൽ വരുത്തിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.കെ. മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
ശ്രീ. കെ.വി. ഷാഹുൽ ഹമീദ്, സെക്രട്ടറി, വിയ്യത്തുൽ ഇസ്ലാം ദർസ് മദ്രസ & മുസ്ലിം ജമാഅത്ത് മോസ്ക് കമ്മറ്റി, ആഡൂർ, കാടാച്ചിറ പി.ഒ, കണ്ണൂർ 670 621
സെക്രട്ടറി, കടമ്പൂർ, ഗ്രാമപഞ്ചായത്ത്.
ശ്രീമതി ദീപ, ടി.കെ, W/o. രമേശൻ. പുതിയപുരയിൽ ഹൗസ്,
ആഡൂർ, കാടാച്ചിറ പി.ഒ, കണ്ണൂർ 670 621
അഡ്വക്കേറ്റ് ജനറൽ (with covering letter)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**